പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1350 **15-10-2026-ൽ മറുപടിയ്ക്ക്**

ആലപ്പുഴ ജില്ലയിലെ വിനോദസഞ്ചാരികളുടെ വരവും പരാതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) 2021 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാരികളായി എത്തിയവരുടെ എണ്ണം വർഷംതിരിച്ച് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ;

മറുപടി: 2021 മുതൽ 2025 വരെയുള്ള അഞ്ചു വർഷ കാലയളവിലെ ആലപ്പുഴ ജില്ലയിലെ ആഭ്യന്തര, വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കലണ്ടർ വർഷം	വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ എണ്ണം	ആഭ്യന്തര വിനോദസഞ്ചാര സന്ദർശനങ്ങളുടെ എണ്ണം
2021	777	353921
2022	11469	770916
2023	31403	744352
2024	46470	705993
2025	68630	864288

(ബി) ഈ കാലയളവിൽ വിനോദസഞ്ചാരികൾ നൽകിയ പരാതികൾ, തട്ടിപ്പ്, അമിത നിരക്ക് ഈടാക്കൽ, സുരക്ഷാ പ്രശ്നങ്ങൾ, താമസ-യാത്രാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷംതിരിച്ച് ലഭ്യമാക്കുമോ;

മറുപടി: 2021 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാരികൾ നൽകിയ പരാതികൾ, തട്ടിപ്പ്, അമിത നിരക്ക് ഈടാക്കൽ, സുരക്ഷാ പ്രശ്നങ്ങൾ, താമസ-യാത്രാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

Sl. No.	Police Station & Crime No.	Details of Court Charge sheeted
1	Alappuzha South PS Cr.1135/2022	JFMC-I, Alappuzha CC 573/2023
2	Alappuzha South PS Cr.1186/2022	Charge Sheeted at JFMC-I, Alappuzha (Now the Case is under trial at Hon'ble Addl. Dist.and Sessions Judge-II Alappuzha SC 1224/2023
3	Alappuzha South PS Cr.27/2024	Charge sheeted at JFMC-1, Alappuzha (As per the Order No.6558/2026/SS-1, dtd 16-06-2026, this case is made over to FTSC , Cherthala for appearance on 24-10-2026) SC 627/2024
4	Alappuzha South PS Cr.1235/2025	JFMC-1, Alappuzha (Charge Sheeted on 04/04/2026)

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയവ, കുറ്റപത്രം സമർപ്പിച്ചവ, തീർപ്പാക്കിയവ എന്നിവയുടെ വിശദാംശങ്ങൾ വർഷംതിരിച്ച് ലഭ്യമാക്കുമോ;

മറുപടി: പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്ത മേൽപ്പറഞ്ഞ 4 കേസുകളും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. നിലവിൽ ടി കേസുകൾ ബഹു.കോടതിയുടെ വിചാരണയിലും പരിഗണനയിലുമാണ്.

(ഡി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ പരാതികൾക്ക് അടിയന്തര പരിഹാരം നൽകുന്നതിനുമായി 2021 മുതൽ 2025 വരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മറുപടി: സഞ്ചാരികളിൽ നിന്ന് ടൂറിസം വകുപ്പിലേക്ക് ലഭിച്ച പരാതികളിൽ ബന്ധപ്പെട്ട വകുപ്പിലോ നിശ്ചിത പോലീസ് സ്റ്റേഷനുകളിലോ കൈമാറുകയാണ് പതിവ്. വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിച്ച യൂണിറ്റുകൾക്കെതിരെ ലഭിച്ച

പരാതികളിൽമേൽ കുറ്റം ബോധ്യപ്പെട്ടാൽ പ്രസ്തുത യൂണിറ്റിന്റെ ക്ലാസ്സിഫിക്കേഷൻ റദ്ദ് ചെയ്യുകയാണ് വകുപ്പിന് സ്വീകരിക്കാൻ കഴിയുന്ന നടപടി ക്രമം.

സെക്ഷൻ ഓഫീസർ